**തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേറ്റുംകൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം**

*(ഹാജർ: എസ് ഷാനവാസ്. ഐ.എ.എസ്)*

വിഷയം: ദുരന്തനിവാരണ നിയമം 2005-കോവിഡ്-19- തൃശ്ശൂർ ശക്തൻ മാർക്കറ്റുകൾ തുറക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു

പരാമർശം:

01 സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് (എ) യുടെ 06.05.2021 തീയതിയിലെ ജി ഒ (ആർ ടി) 404/2021/ഡി എം ഡി നമ്പർ ഉത്തരവ്

02 സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് (എ) യുടെ 29.05.2021 തീയതിയിലെ ജി ഒ (ആർ ടി) 444/2021/ഡി എം ഡി നമ്പർ ഉത്തരവ്

03 തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേറ്റുംകൂടിയായ ജില്ലാ കളക്ടറുടെ 25.05.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവുകൾ

04 ബഹു. റവന്യൂ-ദുരന്ത നിവാരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.05.2021 തീയതിയിൽ ചേർന്നയോഗതീരുമാനം

**: ഉത്തരവ് നമ്പർ: DCTSR/ H4/ 14476/ 2019 :**

കേരള സർക്കാർ ലോക്ക്ഡൌൺ നിയന്ത്രണങ്ങളിൽ ഇളവുകൾ വരുത്തുകയും ജില്ലയിൽ കോവിഡ് പോസിറ്റീവിറ്റി നിരക്കിൽ കുറവുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ ജനങ്ങൾക്ക് അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതോടൊപ്പം വ്യാപാരി-വ്യവസായികളുടെ അഭ്യർത്ഥന പരിഗണിച്ചും തൃശ്ശൂർ ശക്തൻ മാർക്കറ്റ് കർശനനിയന്ത്രണങ്ങളോടെ പ്രവർത്തിപ്പിക്കാനാകുമോ എന്നതുസംബന്ധിച്ച് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലയിൽ നിന്നുള്ള മന്ത്രിമാർ, എം എൽ എ മാർ, കോർപ്പറേഷൻ മേയർ, ജില്ലാ കളക്ടർ, സിറ്റി പോലീസ് കമ്മീഷണർ, ജില്ലാ മെഡിക്കൽ ആഫീസർ, വ്യാപാര-വ്യവസായ പ്രതിനിധികൾ, ജില്ലയിലെ മറ്റുവകുപ്പുതല മേധാവികൾ തുടങ്ങിയവരുടെ ഒരുയോഗം 30.05.2021 തീയതിയിൽ രാവിലെ

10.30 മണിക്ക് ഓൺലൈൻ മുഖാന്തിരം ചേർന്നിട്ടുള്ളതാണ്. പ്രസ്തുത യോഗതീരുമാനം ബഹു. റവന്യൂ വകുപ്പ് മന്ത്രി തത്സമയം വ്യാപാര വ്യവസായി പ്രതിനിധികളെ അറിയിക്കുകയും അവരുമായി ചർച്ചനടത്തി അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതാണ്.

സംസ്ഥാനത്ത് പരാമർശം (01) പ്രകാരം ലോക്ക്ഡൌൺ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നതും പരാമർശം (02) ഉത്തരവുപ്രകാരം ജൂൺ 09 വരെ ലോക്ക്ഡൌൺ നീട്ടിയിട്ടുള്ളതുമാണ്. തൃശ്ശൂർ ജില്ലയിലെ കണ്ടെയിൻമെൻറ് സോണുകളിൽ പരാമർശം (03) പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നുവെങ്കിലും കോർപ്പറേഷൻ പരിധിയിലുള്ള മാർക്കറ്റുകൾ തുറന്നുപ്രവർത്തിക്കുന്നതിന് അനുമതി നൽകിയിരുന്നില്ല. ആയതിനാൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് തൃശ്ശൂർ ശക്തൻ പച്ചക്കറി മാർക്കറ്റ്, മത്സ്യമാംസ മാർക്കറ്റ്, അരിയങ്ങാടി, അഞ്ചങ്ങാടി, നായരങ്ങാടി, ജെയ്ഹിന്ദ് തുടങ്ങിയ മാർക്കറ്റുകൾ താഴെ പറയുന്ന നിയന്ത്രണങ്ങളോടെ തുറന്നുപ്രവർത്തിക്കുന്നതിന് തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും ജില്ലാ കളക്ടറുമായ ഷാനവാസ്. എസ്, ഐ.എ.എസ് എന്ന ഞാൻ ദുരന്ത നിവാരണ നിയമം 2005 വകുപ്പ് 26, 30, 33, 34 എന്നിവയും 1897 ലെ പകർച്ചവ്യാധി നിയമത്തിലെ വ്യവസ്ഥകളും കോവിഡ് നിർവ്യാപന നടപടികൾ യഥാവിധിയും, സുഗമമായും നടപ്പിലാക്കുന്നതിലേക്കായി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരവും അധികാരപ്പെടുത്തിയിട്ടുള്ളതു പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കോവിഡ്-19 നിയന്ത്രണങ്ങളിൽ ഇളവുകൾ വരുത്തുന്നതിൻെറ ഭാഗമായി തൃശ്ശൂർ ശക്തൻ മാർക്കറ്റ് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 01.06.2021 തീയതി (ചൊവ്വാഴ്ച) മുതൽ പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ പരാമർശം 03 ഉത്തരവിൽ ചില ഭേദഗതികൾ വരുത്തിയും ഉത്തരവാകുന്നു.

**മാർഗ്ഗനിർദ്ദേശങ്ങൾ:**

01: തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ മേൽ പ്രസ്താവിച്ച ശക്തൻ മത്സ്യ-മാംസ മാർക്കറ്റ് ഒഴികെയുള്ള മറ്റു മാർക്കറ്റുകൾ 01.06.2021 തീയതി മുതൽ ഞായറാഴ്ച ഒഴികെ

എല്ലാ ദിവസവും പുലർച്ചെ 01 മണി മുതൽ രാവിലെ 08.00 മണിവരെ ഹോൾസെയിൽ കച്ചവടവും രാവിലെ 08.30 മണി മുതൽ ഉച്ചയ്ക്ക് 12.30 മണി വരെ റീട്ടെയിൽ കച്ചവടവും നടത്താവുന്നതാണ്.

02: ശക്തൻ മത്സ്യ-മാംസ മാർക്കറ്റ് തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ വൈകീട്ട് 05.00 മണിവരെ തുറന്നുപ്രവർത്തിക്കാവുന്നതാണ്.

03 പരാമർശം (03) ഉത്തരവിലെ ക്രമനമ്പർ 11 ൽചേർത്തിട്ടുള്ള തൃശ്ശൂർ ജില്ലയിലെ കണ്ടെയിൻമെൻറ് സോണുകളിലെ മത്സ്യം, മാംസം, കോഴിക്കട, കോൾഡ്സ്റ്റോറേജ് എന്നിവ തിങ്കൾ, ബുധൻ ശനി എന്നീ ദിവസങ്ങളിൽ രാവിലെ 07.00 മണി മുതൽ ഉച്ചതിരിഞ്ഞ് 05.00 മണിവരെ പ്രവർത്തിപ്പിക്കാവുന്നതാണ്.

04 മാർക്കറ്റുകളിൽ ഒരേസമയം ഉടമസ്ഥനുൾപ്പെടെ വലിയ കടകളിൽ 03 പേർ മാത്രവും ചെറിയ കടകളിൽ 02 പേർ മാത്രവുമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ.

04 മാർക്കറ്റുകളിൽ പ്ലാറ്റ്ഫോം കച്ചവടം അനുവദനീയമല്ല.

05 കടകളിലെ ഉടമസ്ഥർ ഉൾപ്പെടെ മുഴുവൻ ജീവനക്കാരും കോവിഡ് ആൻറീജൻ ടെസ്റ്റ് നടത്തി രോഗം ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 31.05.2021 തീയതിയിൽ രാവിലെ 08.30 മണിക്ക് കോർപ്പറേഷൻെറ കീഴിലുള്ള വഴിവാണിഭ കെട്ടിടത്തിൽ ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ആൻറീജൻടെസ്റ്റിനുള്ള സജ്ജീകരണം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

06 ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന സമയങ്ങളിൽ മാർക്കറ്റ് / കടകളിലെ ജീവനക്കാർ കോവിഡ് പരിശോധന നടത്തേണ്ടതാണ്. കൂടാതെ, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് (സാമൂഹിക അകലം, മാസ്ക് ധരിക്കൽ, സാനിറ്റൈറിൻെറ ഉപയോഗം) കടകൾ പ്രവർത്തിക്കുന്നതെന്ന് ഉടമസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം കടയടപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

07 ശക്തൻ മാർക്കറ്റിലേക്കു ചരക്കുമായി വരുന്ന ലോറികളിലെ ഡ്രൈവർമാർ, ക്ലീനർമാർ എന്നിവർ മാർക്കറ്റിനുള്ളിൽ പ്രവേശിക്കുന്നതിനുമുമ്പ് കോർപ്പറേഷൻെറ കീഴിൽ നിർമ്മിച്ചിട്ടുള്ള വഴിവാണിഭ കെട്ടിടത്തിൽ കുളിക്കുകയും വാഹനം സാനിറ്റൈസർ ചെയ്ത് അണുനശീകരണം നടത്തേണ്ടതുമാണ്.

08: റീട്ടെയിൽ കച്ചവടക്കാരെ മാർക്കറ്റിനുള്ളിലേക്ക് പ്രവേശിക്കുന്നതിന് എൻട്രി പോയിന്റ് നിയന്ത്രണങ്ങൾ തുടരേണ്ടതാണ്. എൻട്രി പോയിന്റിൽ തെർമൽ സ്ക്രീനിംഗ് സൗകര്യം ഒരുക്കേണ്ടതും ശരീരോഷ്മാവ് അനുവദനീയമായ പരിധിയിലാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ തൊഴിലാളികളുൾപ്പടെയുള്ളവരെ മാർക്കറ്റിലേക്കു പ്രവേശിപ്പിക്കാവൂ.

09: മാർക്കറ്റ് എല്ലാ ദിവസവും ഉച്ചയ്ക്കുശേഷം ഫയർ ഫോഴ്സിന്റെ സഹായത്തോടെ അണുവിമുക്തമാക്കേണ്ടതാണ്.

10: എല്ലാ കടകളിലും സാനിറ്റൈസർ കരുതേണ്ടതും മാർക്കറ്റിൽ പ്രവേശിക്കുന്നതിന് മുൻപ് തന്നെ കൈകൾ അണുവിമുക്തമാക്കേണ്ടതും നിർബന്ധമായും എല്ലാവരും N 95 മാസ്കും ഗ്ലൗസും ധരിക്കേണ്ടതുമാണ്.

11: മാർക്കറ്റിനുള്ളിൽ ചായക്കടകളോ മറ്റു ലഘു ഭക്ഷണ ശാലകളോ പ്രവർത്തിക്കാൻ പാടുള്ളതല്ല.

12: അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാർ, മറ്റ് ജീവനക്കാർ മാർക്കറ്റിലെ കടയുടമകളുമായോ തൊഴിലാളികളുമായോ അടുത്തിടപഴകാൻ പാടുള്ളതല്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ യഥാസമയങ്ങളിൽ ഇറക്കുന്ന കോവിഡ്-19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന എല്ലാ നിർദേശങ്ങളും കർനമായി പാലിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും യാതൊരു സുരക്ഷാ വീഴ്ചയും ഉണ്ടാകുന്നില്ലെന്നും ജില്ലാ പോലീസ് മേധാവി തൃശ്ശൂർ (സിറ്റി), ആരോഗ്യവകുപ്പ് അധികൃതർ, തൃശ്ശൂർ കോർപറേഷൻ മേയർ / സെക്രട്ടറി, സെക്ടറൽ മജിസ്ട്രേറ്റുമാർ, താലൂക്ക്-വില്ലേജ്തല ഇൻസിഡൻറൽ കമാൻഡർമാർ, തൃശ്ശൂർ ലേബർ ഓഫീസർ, ഫുഡ് ആൻഡ് സേഫ്റ്റി അധികൃതർ എന്നിവർ പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ഇക്കാര്യം പാലിക്കപ്പെടുന്നില്ലെന്നു കാണുന്ന പക്ഷം ഉടൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് തുടർ നടപടികൾക്കായി ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്ന വർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങൾക്കു പുറമെ ദുരന്ത നിവാരണ നിയമം 2005, അദ്ധ്യായം 10 പ്രകാരമുള്ള ശിക്ഷാ നടപടികൾ കൂടി സ്വീകരിക്കുന്നതാണ്.

*(2021 തിയ്യതി മെയ് മാസം 30-ാം തീയതി എന്റെ കയ്യൊപ്പോടെ ഈ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.)*



ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ.

സ്വീകർത്താവ്,

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ സിറ്റി

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
3. മേയർ / സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
4. ഡെപ്യൂട്ടി ഡയറക്ടർ ഫുഡ് ആൻറ് സേഫ്റ്റി തൃശ്ശൂർ.
5. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (കോർപ്പറേഷൻ സെക്രട്ടറി മുഖാന്തിരം)
6. താലൂക്ക് - വില്ലേജുതല ഇൻസിഡൻറൽ കമാൻഡർമാർക്ക്

പകർപ്പ്,

1. പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ
2. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
3. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ
4. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
5. ഡെപ്യൂട്ടി കളക്ടർ (ഡി എം), തൃശ്ശൂർ
6. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
7. തഹസിൽദാർ, തൃശ്ശൂർ
8. ജില്ലാ ഇൻഫർമേഷൻ ആഫീസർ (ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ പ്രചരണം നടത്തുന്നതിന്)
9. ജില്ലാ ഇൻഫർമേറ്റിക്സ് ആഫസീസർ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
10. ജില്ലാ കളക്ടറുടെ സി എ
11. കരുതൽ ഫയൽ - എച്ച് 4